## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1740 — 11.02.2013 - ൽ മറുപടിയ്ക്ക്

### അഗ്മാർക്ക് ട്രേഡിംഗ് ലബോറട്ടറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>'' കെ. രാജു<br>'' ഇ.കെ. വിജയൻ<br>'' വി. ശശി | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് എത്ര അഗ്മാർക്ക് ട്രേഡിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത ലബോറട്ടറികളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) | സംസ്ഥാനത്ത് 10 അഗ്മാർക്ക് ഗ്രേഡിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പുതിയതായി 4 അഗ്മാർക്ക് ലബോറട്ടറികൾ അനുവദിച്ചിട്ടുണ്ട്. അഗ്മാർക്ക് ഗ്രേഡിംഗ് ലബോറട്ടറികളിൽ അഗ്മാർക്ക് ലൈസൻസുള്ള പാക്കർ/കമ്പനികളിൽ നിന്നും ലഭിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ആവശ്യമായ പരിശോധന നടത്തി ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം അഗ്മാർക്ക് സർട്ടിഫിക്കേഷൻ നൽകുന്നതാണ് പ്രധാന ലക്ഷ്യം. |
| (ബി) | കാർഷിക-ഭക്ഷ്യ ഉൽപന്നങ്ങളായ എത്ര ഇനം സാധനങ്ങൾക്ക് പ്രസ്തുത ലബോറട്ടറികളിൽ നിന്നും അഗ്മാർക്ക് സർട്ടിഫിക്കേഷൻ നൽകുന്നുണ്ട്; അവ ഏതെല്ലാം; | (ബി) | കാർഷിക - ഭക്ഷ്യ ഉൽപ്പന്നങ്ങളായ എഡിബിൾ വെജിറ്റബിൾ ഓയിൽസ്, സുഗന്ധവ്യഞ്ജനങ്ങൾ/കറി പൗഡറുകൾ, തേൻ, നെയ്യ്, അരി, ആട്ട, മൈദ, സൂചി, റവ, ശർക്കര എന്നീ ഇനങ്ങൾക്ക് അഗ്മാർക്ക് ലബോറട്ടറികളിൽ നിന്നും അഗ്മാർക്ക് സർട്ടിഫിക്കേഷൻ നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ലബോറട്ടറികളിൽ നിന്നും യഥാസമയം ഉൽപന്നങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കാതിരിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സർട്ടിഫിക്കറ്റ് നൽകാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) | മായം ചേരാത്ത കാർഷിക ഭക്ഷ്യ ഉൽപന്നങ്ങൾ ലഭിക്കാനുള്ള ജനങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) | എല്ലാ ജില്ലകളിലും കൃഷിഭവൻ തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ